

മറുനാടൻ മലയാളികൾക്ക് ഒരു കൈത്തിരിവെട്ടം



പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ

12,087
12614

മറുനാടൻ മലയാളികൾക്ക് ഒരു കൈത്തിരിവെട്ടം



പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

32/339/97—1

മറുനാടൻ മലയാളികൾക്ക്
ഒരു കൈത്തിരിവെട്ടം

പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ ഇൻ ചീഫ്
എൽ. നടരാജൻ ഐ.എ.എസ്.
(ഡയറക്ടർ, പബ്ലിക് റിലേഷൻസ്)

എഡിറ്റർ
വി. ശുഭാമണി

അസി. എഡിറ്റർ
എസ്. സുധീർ
എം.ആർ. മനോഹരവർമ

ഡിസൈനർ
പി.വി. കൃഷ്ണൻ

ആർട്ടിസ്റ്റ്
ഇ.എസ്. വർഗീസ്


കോപ്പി :30,000
അച്ചടി : ഗവ. പ്രസ്, മണ്ണന്തല
സൗജന്യവിതരണത്തിന്
ജൂൺ 1997

ആമുഖം

അനിശ്ചിതമായ ഭാവി മുന്നിൽ കാണുന്ന ഒരു ജനവിഭാഗമാണ് വിദേശ മലയാളികൾ. ഉപജീവന മാർഗം തേടി അന്യദേശങ്ങളിൽ ചേക്കേറിയിട്ടുള്ള അവരെ സംബന്ധിച്ചിടത്തോളം ജോലി സ്ഥലത്തെ അപകട സാധ്യതകളും അതതു ദേശങ്ങളിലെ സംഘർഷാവസ്ഥകളും മറ്റും പലപ്പോഴും ആശങ്ക സൃഷ്ടിക്കുന്നതാണ്. നമ്മുടെ സമ്പദ്ഘടനയെത്തന്നെ താങ്ങിനിർത്തുന്ന തരത്തിൽ വിദേശസമ്പാദ്യം നേടിത്തരുന്ന മറുനാടൻ മലയാളികളുടെ ക്ഷേമവും സുസ്ഥിതിയും ഉറപ്പുവരുത്തേണ്ടത് ജനക്ഷേമം ലക്ഷ്യമാക്കുന്ന ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ കർത്തവ്യങ്ങളിൽ ഒന്നാണ്. ഈ വസ്തുത മുന്നിൽ കണ്ടുകൊണ്ടാണ് വിദേശമലയാളി വകുപ്പും ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയും സംയുക്തമായി ചേർന്ന് പ്രവാസി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നല്കിയിട്ടുള്ളത്. വിദേശമലയാളികൾക്കിടയിലും വാർത്താമാധ്യമങ്ങളിലും ചലനം സൃഷ്ടിച്ച പ്രസ്തുത പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങളാണ് ഈ ലഘു പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

എൽ. നടരാജൻ ഐ.എ.എസ്.
എഡിറ്റർ ഇൻ ചീഫ്.

32/339/97—1A



വിദേശ മലയാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം


ഇ.കെ. നായനാർ
മുഖ്യമന്ത്രി

വിദേശമലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അവരിൽ നിന്നുള്ള നിക്ഷേപം സംസ്ഥാനത്തിന്റെ വികസനത്തിന് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും വേണ്ടിയാണ് 1996-ഡിസംബറിൽ സർക്കാർ പുതിയ പ്രവാസി കേരളീയകാര്യ വകുപ്പ് രൂപവത്കരിച്ചത്. വകുപ്പ് രൂപവത്കരിക്കുന്നതിനു മുമ്പുതന്നെ പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സെക്രട്ടേറിയറ്റിൽ ഒരു എൻ.ആർ.ഐ.സെൽ രൂപവത്കരിച്ചിരുന്നു.

പൊതുമാപ്പിന്റെ അടിസ്ഥാനത്തിൽ യു.എ.ഇ.യിൽ നിന്ന് തിരിച്ചുവരേണ്ടിയിരുന്ന മലയാളികൾക്കായി കൂടുതൽ വിമാന-കപ്പൽ സർവീസുകൾ ഏർപ്പെടുത്താൻ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിൽ നിരന്തരം സമ്മർദം ചെലുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേക്ക് വരേണ്ടിയിരുന്ന എല്ലാവർക്കും വേണ്ടത്ര യാത്രാ സൗകര്യം ഏർപ്പെടുത്തുവാനും കഴിഞ്ഞു.

ഗൾഫിൽ നിന്ന് പൊതുമാപ്പിന്റെ അടിസ്ഥാനത്തിൽ തിരിച്ചെത്തിയവർക്ക് മതിയായ രേഖകൾ സഹിതം ഗൾഫിലേക്ക് മടങ്ങിപ്പോകാൻ അവസരം ഉണ്ട് എന്നറിഞ്ഞതിനെത്തുടർന്ന് അവർക്ക് പാസ്പോർട്ടുകളും മറ്റ് രേഖകളും നല്കാൻ സത്വര നടപടിയെടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ പാസ്പോർട്ടുകൾ സുഗമമായി ലഭിക്കുന്നതിന് കേരളത്തിലെ മൂന്ന് പാസ്പോർട്ട് ഓഫീസുകളിലും സ്പെഷൽ കൗണ്ടറികൾ തുടങ്ങിയിരുന്നു.

വിദേശരാജ്യങ്ങളിൽ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന കേരളീയരുടെ നിരവധി പരാതികൾ പുതിയ വകുപ്പിന് കിട്ടിയിട്ടുണ്ട്. വിദേശത്ത് കാണാതാകുന്നവരുടെ വിവരങ്ങൾ അറിയുന്നതിന് സഹായം തേടിയുള്ള ബന്ധുക്കളുടെ കത്തുകൾ, വിദേശ ജയിലുകളിൽ കഴിയുന്നവരെ വിട്ടുകിട്ടണമെന്നുള്ള അപേക്ഷകൾ, വിദേശത്ത് മരണമടയുന്നവരുടെ മൃതദേഹം നാട്ടിൽ എത്തിക്കാനുള്ള സഹായാപേക്ഷകൾ, വിദേശത്തുനിന്ന് ലഭിക്കേണ്ട നഷ്ടപരിഹാരം ലഭ്യമാക്കാൻ ഉള്ള അപേക്ഷകൾ എന്നിവയാണ് കൂടുതലായി വകുപ്പിൽ ലഭിക്കുന്നത്. വിദേശത്തുള്ള ഇന്ത്യൻ എംബസികളുമായും മറ്റുനാടൻ മറ



വിദേശ മലയാളികൾക്കുവേണ്ടി കേരള സർക്കാർ നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതിയുടെ രേഖാ കൈമാറ്റം മുഖ്യമന്ത്രി ഇ.കെ. നായനാരുടെ സാന്നിധ്യത്തിൽ നടന്നപ്പോൾ.

യാളി സംഘടനകളുമായും വകുപ്പ് ഇതിനകം നല്ല ബന്ധം സ്ഥാപിച്ചിട്ടുണ്ട്. എംബസികൾ മുഖേന മേല്പറഞ്ഞ പരാതികൾക്ക് പലതിനും പരിഹാരം കാണാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

ഗവൺമെന്റ് പ്രഖ്യാപിച്ച എൻ.ആർ.ഐ.കോർപ്പറേഷൻ രൂപവത്കരിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. വിദേശമലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് ഉദാരമായ സഹായം നല്കണമെന്ന ആവശ്യം അംഗീകരിച്ചുകിട്ടാൻ നിരന്തരം സമ്മർദം ചെലുത്തിവരുന്നു.

ചുരുങ്ങിയ കാലത്തെ പ്രവർത്തനം കൊണ്ട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ട വിദേശ കേരളീയരുടെ ചില പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തുടക്കമാണ് പ്രവാസി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി. പ്രവാസി കേരളീയകാര്യ വകുപ്പും ഭാരതസർക്കാർ സ്ഥാപനമായ ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വിദേശത്ത് ജോലിയെടുക്കുന്ന ഒരാൾക്ക് അപകടം മൂലം മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ നാട്ടിലുള്ള അവരുടെ കുടുംബം കഷ്ടത്തിലാവുന്ന നിരവധി സംഭവങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപെടുകയുണ്ടായി. മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കാൻ തന്നെ പലരും വിഷമിക്കുന്നു. ഈ സാഹചര്യത്തിലാണ് വിദേശ കേരളീയർക്കുവേണ്ടി പ്രത്യേകം തയാറാക്കിയ ഈ ഇൻഷ്വറൻസ് പദ്ധതി തുടങ്ങുന്നത്. പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് എല്ലാവരുടെയും സഹായ സഹകരണങ്ങൾ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

പുതിയ വകുപ്പ് തുടങ്ങിയിട്ട് അഞ്ചു മാസമേ ആയിട്ടുള്ളു. വിദേശ കേരളീയരുടെ പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ ഈ ചുരുങ്ങിയ കാലയളവിൽ വകുപ്പിന് സാധിച്ചിട്ടുണ്ട്. ഇതു മനസിലാക്കാതെയാണ് ചിലർ അപ്രായോഗികമായ ആവശ്യങ്ങൾ ഉന്നയിച്ച് ജനശ്രദ്ധ പിടിച്ചുപറ്റാൻ ശ്രമിക്കുന്നത്. പ്രായോഗികമായ കാര്യങ്ങൾ കഴിയുന്നത്ര വേഗത്തിൽ ചെയ്ത് വിദേശ കേരളീയർക്ക് ആശ്വാസം നല്കുവാനുള്ള പരിപാടികളുമായി വകുപ്പിന്റെ പ്രവർത്തനം ഇനിയും വിപുലമാക്കുന്നതാണ്.

(മറുനാടൻ മലയാളികൾക്കുവേണ്ടി ഏർപ്പെടുത്തിയ പ്രവാസി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട് 1997 മെയ് 5-ന് തിരുവനന്തപുരത്ത് ചെയ്ത പ്രസംഗം.)

ഇന്ന് ലോകത്തിൽ അപകടങ്ങളും അപകട മരണങ്ങളും നാൾക്കു നാൾ വർധിച്ചു വരുന്നു. വ്യക്തിയുടെ മരണം, കുടുംബത്തിന് തീരാനഷ്ടമാണ്. ബന്ധുക്കളുടേയോ നാട്ടുകാരുടെയോ സാന്ത്വനത്തിനും സഹതാപത്തിനും ഈ നഷ്ടം നികത്താനാവില്ല. നാഥൻ നഷ്ടപ്പെട്ട കുടുംബത്തിന് ഇവിടെയാവശ്യം സാമ്പത്തിക സുരക്ഷിതത്വമാണ്. ഈ യാഥാർഥ്യം മനസിലാക്കി, കുടുംബത്തിന്റെ സുരക്ഷ മുൻനിർത്തി കുടുംബത്തിന്റെ ഉന്നമനത്തിന് ഒരു കൈത്തിരി വെട്ടവുമായി ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയും കേരള സർക്കാരും (Dept. for Non-Resident Keralites Affairs-NORKA) സംയുക്തമായി വിദേശ മലയാളികൾക്കുവേണ്ടി രൂപം നല്കിയിട്ടുള്ളതാണ് പ്രവാസി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി.

വിദേശ മലയാളികൾക്കു മാത്രമായുള്ള ഒരു വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതിയാണിത്. കേരള സർക്കാരും, ഭാരത സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള ന്യൂഇന്ത്യാ അഷ്വറൻസ് കമ്പനിയും ചേർന്നാണ് ഈ സുരക്ഷാപദ്ധതി നടപ്പാക്കുന്നത്. മുഖ്യമന്ത്രി ഇ.കെ. നായനാരുടെ സാന്നിധ്യത്തിൻ 1997 മെയ് അഞ്ചിന് പദ്ധതിയുടെ ധാരണാപത്രം ഒപ്പുവച്ചു.

മലയാളികൾ കുടുംബം പുലർത്താൻ തൊഴിൽ തേടി ലോകത്തിന്റെ സർവ കോണുകളിലും കുടിയേറിയിരിക്കുന്നു. പ്രസ്തുത പ്രവാസികളുടെ ആപത്തിൽ കുടുംബത്തിന് തുണയേകുവാനായിട്ടാണ് ഈ പദ്ധതി. ഈ സാമൂഹികക്ഷേമ പദ്ധതി ഭാരതത്തിൽ ഇദംപ്രഥമമാണ്.

സവിശേഷതകൾ

- അഞ്ചുലക്ഷം രൂപയുടെയും രണ്ടരലക്ഷം രൂപയുടെയും രണ്ട് വ്യത്യസ്ത പദ്ധതികളാണ് നടപ്പാക്കുന്നത്.
- ഒരു വ്യക്തിക്ക് ഇവ രണ്ടിൽ ഏതെങ്കിലും ഒന്നിൽ ചേരാം.
- വിദേശത്ത് ജോലി ചെയ്യുന്ന 18-നും 60-നും ഇടക്ക് പ്രായമുള്ള ഏതൊരാൾക്കും ഈ പദ്ധതിയിൽ ചേരാം.
- ഇന്ത്യയ്ക്കു വെളിയിൽ, കൂടെ താമസിക്കുന്ന ജോലിയില്ലാത്ത ഭാര്യയ്ക്ക്/ഭർത്താവിന് സ്കീം 'ബി' യിൽ ചേരാവുന്നതാണ്.
- ലോകത്ത് എവിടെവച്ചും ഏത് സമയത്തും അപകടം സംഭവിച്ചാലും ആനുകൂല്യങ്ങൾ ലഭിക്കും.
- ഒരിക്കൽ പ്രീമിയം അടച്ചാൽ പദ്ധതിയുടെ പ്രയോജനം തുടർച്ചയായി അഞ്ചുവർഷത്തേക്ക് ലഭിക്കുന്നു.

- അപകടം മൂലമുണ്ടാകുന്ന സ്ഥിരവും പൂർണവുമായ ശാരീരിക വൈകല്യത്തിനും, കണ്ണ്, കൈ, കാൽ എന്നിവയുടെ പൂർണ വൈകല്യത്തിനും നഷ്ടപരിഹാരം ലഭിക്കും.
- രണ്ട് പദ്ധതികളിലും വിദേശത്തുവച്ച് മരണം സംഭവിച്ചാൽ മരണാനന്തര ചെലവുകൾക്ക് 50,000 രൂപ ലഭിക്കുന്നു. മരണാനന്തര ചെലവുകൾക്ക് (ശരീരം കൊണ്ടുവരുന്ന ചെലവുൾപ്പെടെ) അനുവദിക്കുന്ന 50,000/- രൂപ അസുഖം മൂലമുള്ള മരണത്തിനും ലഭിക്കും.
- ഗ്രൂപ്പ് പദ്ധതി ആയതിനാൽ പ്രീമിയത്തിൽ പ്രത്യേക കിഴിവ് ലഭിക്കുന്നു.
- ആനുകൂല്യം നല്കുന്നത് ഇന്ത്യൻ രൂപയിലാണ്.

പ്രീമിയവും ആനുകൂല്യങ്ങളും

	സ്കീം എ രൂപ	സ്കീം ബി രൂപ
അഞ്ചുവർഷത്തേക്ക് ഒന്നിച്ചടയ്ക്കേണ്ട പ്രീമിയം: (തുക വിദേശനാണ്യമായും അടയ്ക്കാം)	990	650
ആനുകൂല്യങ്ങൾ (അപകടം മൂലം)		
സ്ഥിരവും പൂർണവുമായ ശാരീരിക വൈകല്യം	5,00,000	2,50,000
ഒരു കണ്ണ് അല്ലെങ്കിൽ ഒരു കൈ അല്ലെങ്കിൽ ഒരു കാല്- പൂർണമായി നഷ്ടപ്പെട്ടാൽ	2,50,000	1,25,000
രണ്ട് കണ്ണ് അല്ലെങ്കിൽ രണ്ട് കൈകൾ, അല്ലെങ്കിൽ രണ്ട് കാലുകൾ അല്ലെങ്കിൽ ഇവ മൂന്നിൽ ഏതെങ്കിലും രണ്ട് നഷ്ടപ്പെട്ടാൽ	5,00,000	2,50,000
അപകടം മൂലം മരണം സംഭവിച്ചാൽ	5,00,000	2,50,000
അപകടം അല്ലെങ്കിൽ അസുഖം മൂലമുള്ള മരണം ഇന്ത്യയ്ക്ക് വെളിയിൽ സംഭവിച്ചാൽ ശരീരം കൊണ്ടുവരുന്നതിനും മറ്റു മരണാനന്തരച്ചടങ്ങുകൾക്കും	50,000	50,000

പദ്ധതിയിൽ ചേരാൻ

- രണ്ട് ഫോറങ്ങൾ പൂരിപ്പിച്ച് ഏത് സ്കീമിലാണോ ചേരാൻ ഉദ്ദേശിക്കുന്നത്, അതിന്റെ പ്രീമിയം തുകയും ചേർത്ത് ഡപ്യൂട്ടി സെക്രട്ടറി, നോർക്ക (NORKA), സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695001 എന്ന വിലാസത്തിൽ അയയ്ക്കണം.

- പ്രീമിയം തുക ഡ്രാഫ്റ്റായി സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, പ്രവാസി സുരക്ഷ എന്ന പേരിൽ തിരുവനന്തപുരത്ത് മാറാൻ പറ്റുന്ന വിധം എടുത്തതായിരിക്കണം. തുക ഒന്നിച്ചടയ്ക്കണം. തവണ വ്യവസ്ഥയില്ല.

- ഫാറം നാട്ടിലുള്ള ബന്ധുക്കൾക്ക് അയച്ചു കൊടുത്ത്, പ്രീമിയം തുക അവരിൽ കൂടിയും അയയ്ക്കാം.

- പ്രീമിയത്തോടൊപ്പം അയയ്ക്കുന്ന രണ്ട് ഫാറങ്ങളിൽ ഒന്ന് ന്യൂ ഇന്ത്യാ അഷ്വറൻസിൽ നിന്നും അംഗത്വ നമ്പരും പോളിസി കാലാവധിയും എഴുതി, ഒപ്പും സീലും വച്ച്, ഫോറത്തിൽ കൊടുത്തിരിക്കുന്ന, കേരളത്തിലെ സ്ഥിരം മേൽവിലാസത്തിൽ അയച്ചുകൊടുക്കും. ഭാവിയിലുണ്ടാകുന്ന കത്തിടപാടുകളിൽ ഈ അംഗത്വനമ്പർ ഉപയോഗിക്കണം.

- ഫാറം നോർക്ക (NORKA) യുടെ ഓഫീസിൽ ലഭിച്ചതിന്റെ അടുത്ത മാസം 5-ാം തീയതി മുതൽ അഞ്ച് വർഷത്തേക്കായി പോളിസി ഓരോ അംഗത്തിനും പ്രാബല്യത്തിൽ വരുന്നതാണ്.

- പദ്ധതി 1997 മെയ് 20 മുതൽ ആരംഭിച്ചു.

- പദ്ധതിയിൽ 1997 സെപ്തംബർ 30 വരെ ചേരാം.

- ഫാറങ്ങൾ പ്രവാസി കേരളീയ കാര്യവകുപ്പിലും ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയുടെ കേരളത്തിലെ എല്ലാ ശാഖകളിലും കൂടാതെ ഗൾഫ് നാടുകളിലുള്ള മലയാളി അസോസിയേഷനിലും ലഭ്യമാകും.

- ഫാറം തപാൽ മാർഗവും ലഭിക്കും. ഡെപ്യൂട്ടി സെക്രട്ടറി, പ്രവാസി കേരളീയ കാര്യവകുപ്പ് (നോർക്ക), സൗത്ത് ബ്ലോക്ക്, സെക്രട്ടറി

യറ്റ്, തിരുവനന്തപുരം-695001 (ഫോൺ: 468129/468182 ഫാക്സ് 327192) എന്ന വിലാസത്തിൽ ബന്ധപ്പെട്ടാൽ മതി.

- ഫാറങ്ങളുടെ ഫോട്ടോകോപ്പി എടുത്ത് പൂരിപ്പിച്ച് അയച്ചാലും സ്വീകരിക്കുന്നതാണ്.
- സംഘടനകളും ഗ്രൂപ്പുകളും ശേഖരിച്ചയയ്ക്കുന്ന അപേക്ഷകളുടെ അംഗത്വഫീസിനുള്ള തുക ഒറ്റ ഡിമാന്റ് ഡ്രാഫ്റ്റായി അയച്ചാൽ മതി.

ക്ലെയിം ഉണ്ടാകുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ

എല്ലാം ക്ലെയിമിനും നിർബന്ധമായി സമർപ്പിക്കേണ്ട രേഖകൾ താഴെ പറയുന്നവയാണ്.

- കമ്പനിയിൽ നിന്നും തിരികെ ലഭിച്ച അപേക്ഷാഫോറവും സർട്ടിഫിക്കറ്റും (Original Enrolment Formation Certificate)
- ക്ലെയിമിനുള്ള ഫാറം പൂരിപ്പിച്ചത്.
- പാസ്പോർട്ടിന്റെ കോപ്പി. (എല്ലാ പേജുകളും) എംബസിയിലെയോ, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയിലെയോ ഒരു ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

ഈ രേഖകൾക്കുപുറമേ, അംഗവൈകല്യമാണെങ്കിൽ, അപകടത്തെത്തുടർന്നുള്ള ചികിത്സാരേഖകളും, അംഗവൈകല്യത്തെ യഥാവിധം സാക്ഷ്യപ്പെടുത്തുന്ന മെഡിക്കൽ സർട്ടിഫിക്കറ്റും സമർപ്പിക്കണം.

അപകട മരണമാണെങ്കിൽ, പോലീസ് രേഖകൾ, പോസ്റ്റുമാർട്ടം റിപ്പോർട്ട്, എംബസിയിൽ നിന്നുള്ള റിപ്പോർട്ട്/സർട്ടിഫിക്കറ്റ്, ശരീരം നാട്ടിൽ കൊണ്ടുവന്നതിന് തെളിവായുള്ള രേഖകൾ എന്നിവയും ഹാജരാക്കണം.

അസുഖം മൂലമുള്ള മരണമാണെങ്കിൽ ശരീരം കൊണ്ടുവന്നതിനുള്ള ചെലവിന്, ഏത് രാജ്യത്ത് മരണം സംഭവിച്ചോ അവിടെ നിന്നുമുള്ള മരണ സർട്ടിഫിക്കറ്റ്, ശരീരം നാട്ടിൽ കൊണ്ടുവന്നതിന് തെളിവായുള്ള രേഖകൾ എന്നിവയും വേണം.

ക്ലെയിം അസുഖം, ആത്മഹത്യ, ആത്മഹത്യാശ്രമം, യുദ്ധം


എന്നിവ മൂലമോ അപകടം നടക്കുന്നത് മയക്കുമരുന്ന്, മദ്യം എന്നിവയുടെ സ്വാധീനത്തിലുള്ള സമയത്തോ, കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടെ നിയമ ലംഘനം നടത്തുന്നതിനിടയിലോ ആണെങ്കിൽ ഈ പദ്ധതിയിൽ നഷ്ടപരിഹാരം ലഭിക്കുകയില്ല.

പ്രതികരണം ആവേശകരം

കേരള സർക്കാരിന്റെ ഈ സാമൂഹികക്ഷേമ പദ്ധതിക്ക് വിദേശ മലയാളികൾക്കിടയിൽ നല്ല പ്രതികരണമാണ് ലഭിച്ചിരിക്കുന്നത്. ലോകത്തെമ്പാടുമുള്ള മലയാളി അസോസിയേഷനുകൾ അപേക്ഷാഫാറത്തിനു വേണ്ടി വകുപ്പുമായി ബന്ധപ്പെട്ടുവരുന്നു. ഒട്ടേറെ സംഘടനകൾ പദ്ധതിയുമായി പൂർണമായി സഹകരിക്കുവാൻ തയാറായിട്ടുണ്ട്. വിദേശപത്ര മാധ്യമങ്ങൾ ഈ പദ്ധതിക്ക് വളരെയേറെ പ്രാധാന്യം നല്കുന്നുണ്ട്. (അനുബന്ധം- 2 നോക്കുക.)

ഈ പദ്ധതിയുടെ മാതൃകയിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതി, വിദേശത്ത് ജോലി ചെയ്യുന്ന അന്യ സംസ്ഥാനങ്ങളിലെ ഇന്ത്യൻ പൗരന്മാരെ ഉദ്ദേശിച്ചുള്ളതാണ്. ഈ പദ്ധതി നിലവിൽ വരാൻ ഇനിയും കാലതാമസമുണ്ടായേക്കും. കേന്ദ്ര സർക്കാരിന്റെ പദ്ധതിയുടെ ഘടന കേരള സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവാസി സുരക്ഷാപദ്ധതിയെ ബാധിക്കുന്നതല്ല.

അപേക്ഷാഫാറത്തിന്റെ മാതൃക



പ്രവാസി സുരക്ഷ സാമൂഹ്യക്ഷേമ പദ്ധതി

PRAVASI SURAKSHA SOCIAL WELFARE SCHEME

അപേക്ഷാ ഫാറവും അംഗത്വ സർട്ടിഫിക്കറ്റും

Enrolment Form-cum-Certificate of Membership

രണ്ടു ഫാറങ്ങളും പൂരിപ്പിച്ച് **Central Bank of India A/c Pravasi Suraksha.** എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന DD' എടുത്ത് The Dy. Secretary, NORKA, Secretariat, Thiruvananthapuram -1 എന്ന വിലാസത്തിൽ അയക്കുക

Please fill all columns correctly (എല്ലാ വിവരങ്ങളും ശരിയായി പൂരിപ്പിക്കണം)

Scheme opted and Total Benefit തെരഞ്ഞെടുക്കുന്ന പദ്ധതിയും തുകയും — A(Rs. 5,00,000) / B(Rs.2,50,000)(delete whichever is not applicable)

Name (In Block Letters) പേര് (ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ) _____

Age വയസ്സ് _____ Date of Birth ജനനതീയതി _____ M/F പു/സ്ത്രീ _____ Passport No. പാസ്പോർട്ട് നമ്പർ _____

Monthly Income മാസവരുമാനം _____ Employed as തൊഴിൽ _____

Name & Address of Employer/Sponsor ജോലിചെയ്യുന്ന സ്ഥാപനത്തിന്റെ വിലാസം _____

Permanent Residential Address in India ഇന്ത്യയിലെ സ്ഥിര മേൽവിലാസം _____ PIN

Name of Nominee അവകാശിയുടെ പേര് _____ Relationship ബന്ധം _____ (Wife/Husband/Mother etc.)

Permanent Address of nominee in India അവകാശിയുടെ സ്ഥിരമേൽവിലാസം _____ PIN

Name and Address of Witness സാക്ഷിയുടെ പേരും സ്ഥിരമേൽവിലാസവും (സാക്ഷി നിങ്ങൾക്കറിയാവുന്ന ആരുമാകാം) _____ PIN

Signature of Witness സാക്ഷിയുടെ ഒപ്പ്

Payment Details (ഡ്രാഫ്റ്റിന്റെ വിവരങ്ങൾ)

DD No. Date Amount Bank

മുകളിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്ന് ഞാൻ ബോധിപ്പിക്കുന്നു.

I hereby declare that the information given above are true and correct to the best of my knowledge and belief.

Date:

Signature of Applicant അപേക്ഷകന്റെ ഒപ്പ്

For Office Use

Enrolment No. അംഗത്വ നമ്പർ

Receipt No. &Date

Validity Period 5years from .....

Detailed terms & conditions of the Scheme are as laid down in the Memorandum of Agreement entered into between the Company & the Dept. for Non-Resident Keralites' Affairs, Govt. of Kerala. A gist of the same is given overleaf.

മാധ്യമങ്ങൾ പഠിയ്ക്കുന്നു

പ്രവാസി സുരക്ഷാ സാമൂഹികക്ഷേമ പദ്ധതി

ഇതു നന്നായി. അഭിനന്ദിക്കുകയാണ്, ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും വ്യക്തികളെയും.

പ്രവാസികളായ കേരളീയർക്ക് ഇതുവരെ ആരും ഒന്നും എടുത്തു പറയത്തക്കതായി ചെയ്തിരുന്നില്ല. ഭരിക്കുന്നവരും നിയമ നിർമാതാക്കളും അവ നടപ്പിലാക്കുന്നവരും മുതലക്കണ്ണീരു കൊണ്ട് കബളിപ്പിക്കുകയായിരുന്നു ഇക്കാലമത്രയും.

ഒടുവിൽ നിരന്തരമായ മുറവിളിക്കുത്തരമായി ഈയടുത്ത് ഒരു വകുപ്പുണ്ടായി-വിദേശകേരളീയരുടെ കാര്യങ്ങൾക്കുള്ള വകുപ്പ്. അതിന്റെ കന്നി സംരംഭമാണ് പ്രവാസി സുരക്ഷ സാമൂഹികക്ഷേമപദ്ധതി.

ഭീമമല്ലാത്ത തുക അംഗത്വഫീസായി നല്കിയാൽ മൂന്നു ലക്ഷം വരെയും അഞ്ചുലക്ഷം വരെയും അതതു അംഗത്വഫീസിന്റെ ഘടനയനുസരിച്ച് ക്ലെയിം അനുവദിക്കുന്ന ഒരു സാമൂഹികക്ഷേമ പദ്ധതിയാണിത്.

ഇപ്പോൾ കേന്ദ്ര ഗവൺമെന്റും ഈ പദ്ധതിയുടെ ചുവടുപിടിച്ചുകൊണ്ടുള്ള സദൃശമായൊരു ക്ഷേമപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നറിയുന്നു. കേരളാ പ്രവാസി വകുപ്പിന് ഇക്കാര്യത്തിൽ അഭിമാനിക്കാം.

ഏറെ പഠനവിഷയമാക്കിയ ശേഷമാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നാണ് മനസിലായത്. ഇതിൽ ശ്ലാഘനീയമായ ചില കാര്യങ്ങളുണ്ട്. സാങ്കേതികത്വത്തിന്റെ മുടിനാരിഴമേൽ പിടികൂടി അപേക്ഷകനെ തളർത്താത്ത ലളിതമായ അപേക്ഷാരീതി ശ്രദ്ധേയമാണ്. അപേക്ഷാഫാറങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച രീതിയും ലളിതമായി. യഥാക്രമം 650ഉം 990ഉം രൂപയാണ് അഞ്ചുവർഷത്തേക്കുള്ള അംഗത്വഫീസ്. ഗൾഫുനാടുകളിൽ ജോലിയെടുക്കുന്നവർക്ക് താങ്ങാനാവുന്ന ഒരു തുകയാണിതെന്ന് തോന്നുന്നു.

ഇതൊക്കെയാണെങ്കിലും തികച്ചും ന്യൂനതയറ്റതാകും പദ്ധതിയെന്ന് തീർത്തങ്ങു പ്രവചിക്കാൻ ആർക്കും കഴിയില്ല. പ്രായോഗികമായി നടപ്പിലായി വരുമ്പോൾ ആരും പ്രതീക്ഷിക്കാത്ത ചില പ്രശ്നങ്ങളും സങ്കീർണതകളും ഉണ്ടായി എന്നു വരാം. പക്ഷേ, പദ്ധതിയുടെ അടിസ്ഥാന ഘടന തകരാതെ നിലനില്ക്കുമെന്നുറപ്പിക്കാം. സർക്കാറും ഇന്ത്യയിലെ ഏറ്റവും വലിയ ജനറൽ ഇൻഷ്വറൻസ് കമ്പനിയായ ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയും ചേർന്നുള്ള ഒരു പദ്ധതിയുടെ കരുത്തിലും വിശ്വാസ്യതയിലും ആർക്കും സംശയം വേണ്ട.

സർക്കാർ കാര്യമാകുമ്പോൾ ശരാശരി പൗരന്മാരുടെ മുന്നിൽ തെളിയുന്ന ഒരു ചിത്രമുണ്ട്. ചുവപ്പു നാടയുടേത്. പദ്ധതി നടപ്പാക്കുമ്പോഴും ക്ലെയിമുകൾ വരുമ്പോഴും ഇതില്ലാതെ കാര്യ

ങ്ങൾ എളുപ്പത്തിൽ തീർത്ത് പ്രവാസി വകുപ്പ് മാതൃക സൃഷ്ടിക്കണമെന്ന് അഭ്യർഥനയുണ്ട്.

സർക്കാരിന് ഈ പദ്ധതിമൂലം ലാഭമോണുണ്ടാവുന്നതെങ്കിൽ ആ തുക വിദേശ മലയാളികളുടെ ക്ഷേമത്തിനായി മറ്റ് ഏതെങ്കിലും പദ്ധതികളിലൂടെ വിനിയോഗിക്കണം.

ഇതിനിടയിൽ ഇതുമായി ബന്ധപ്പെടാത്ത ഒരു വിഷയം പ്രവാസി വകുപ്പിന്റെ സജീവശ്രദ്ധയിൽ കൊണ്ടുവരാൻ ഞങ്ങളാഗ്രഹിക്കുന്നു: വിദേശ ഇന്ത്യാക്കാർ വിദേശങ്ങളിൽ തൊഴിൽ തേടിപ്പോയപ്പോൾ ഇന്ത്യയുടെ പ്രൊട്ടക്ടർ ഓഫ് ഇമ്മിഗ്രൻസ് വകുപ്പിൽ നിശ്ചിതമായ ഒരു തുക കെട്ടിവച്ചിരുന്നു. വിദേശങ്ങളിൽ ഇന്ത്യൻ തൊഴിലാളിക്ക് പ്രശ്നങ്ങളുണ്ടായി തിരിച്ചു പോകേണ്ട സ്ഥിതി വന്നാൽ അയാളുടെ മടക്കയാത്രയ്ക്കുപയോഗിക്കുക എന്നതാണത്രെ ഈ ഡിപ്പോസിറ്റുകൊണ്ട് ഉദ്ദേശിക്കുന്നത്. അത് വേണ്ടിവന്നില്ലെങ്കിൽ തൊഴിലാളി വിദേശ ജോലി ഉപേക്ഷിച്ച് നാട്ടിൽ വരുമ്പോൾ ആ തുക തിരിച്ചു വാങ്ങാവുന്നതാണ് എന്നതാണ് ചട്ടം.

വിദേശത്തുനിന്ന് ജോലി മതിയാക്കി വന്നശേഷം ഈ തുക അപൂർവം ചിലർ തിരിച്ചുവാങ്ങിയതായി കേട്ടിട്ടുണ്ട്. അതും ചുവപ്പു നാടയുടെ കയ്പ് വേണ്ടത്ര അനുഭവിച്ചശേഷം. പക്ഷേ, വിദേശത്ത് ആവശ്യമായ ഘട്ടത്തിൽ ഒരൊറ്റ ഇന്ത്യൻ തൊഴിലാളിക്ക് വേണ്ടിയും ഈ തുക ഉപയോഗപ്പെടുത്തിയതായി അറിയില്ല. സന്ദിഗ്ധമായ പല ഘട്ടങ്ങൾ ഉണ്ടായിരുന്നപ്പോൾ പോലും ഇതുണ്ടായില്ല.

എത്രയോ കോടികൾ വരുന്ന ഭീമമായ തുകയാണ് ഈ അക്കൗണ്ടിൽ കേന്ദ്രഗവൺമെന്റിന്റെ ഖജനാവിൽ കിടക്കുന്നത്. ഈ തുകയിൽ ഏറ്റവും കൂടുതലുള്ളത് കേരളീയരുടെ പണമാണെന്നത് വ്യക്തമാണ്. ആ സ്ഥിതിക്ക് ഈ തുക ഫലപ്രദമായ മാർഗത്തിൽ വിദേശ ഇന്ത്യാക്കാരുടെ ക്ഷേമത്തിനായി വിനിയോഗിക്കാൻ കേരളത്തിലെ പ്രവാസി വകുപ്പ് കേന്ദ്രത്തിൽ ശക്തിയുക്തം സമ്മർദം ചെലുത്തണം. ആനുപാതികമായി കേരളത്തിന് ഈയിനത്തിൽ കൂടുതൽ തുക കിട്ടുകയും വേണം.

ഏതായാലും ഇപ്പോൾ നടപ്പിലാക്കിത്തുടങ്ങിയ പ്രവാസി സുരക്ഷാ സാമൂഹികക്ഷേമ പദ്ധതിക്ക് സർവ വിജയങ്ങളും ആശംസിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച പ്രവാസി വകുപ്പിനെയും ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി ലിമിറ്റഡിനെയും അകമഴിഞ്ഞ് അഭിനന്ദിക്കുകയും ചെയ്യുന്നു.

(ഗൾഫ് വോയ്സ് 1997 ജൂൺ)

പ്രവാസി സുരക്ഷാ സാമൂഹികക്ഷേമ പദ്ധതിയിൽ പ്രതീക്ഷയേറെ

സ്വന്തം പ്രതിനിധി

വിദേശ മലയാളികളുടെ ക്ഷേമം ലക്ഷ്യമാക്കി കേന്ദ്ര-സംസ്ഥാന സർക്കാറുകൾ നിരവധി പദ്ധതികൾ മുമ്പ് വാഗ്ദാനം ചെയ്തിട്ടുണ്ട്. അവയിൽ പ്രായോഗികമാക്കി എന്ന് എടുത്തു പറയാവുന്നവയായി ഒന്നുമുണ്ടായിരുന്നില്ല. എന്നാൽ കേരള ഗവൺമെന്റിന്റെ പ്രവാസി വകുപ്പ് (NORKA) പ്രവാസികൾക്കുവേണ്ടി ചിലതെല്ലാം ചെയ്യണമെന്ന നിശ്ചയത്തോടെ ചില കാൽവയ്പ്പുകൾ നടത്തുന്നുണ്ട്. അതിൽ ആദ്യത്തേതാണ് 'പ്രവാസി സുരക്ഷാ സാമൂഹികക്ഷേമ പദ്ധതി'.

ഇന്ത്യയിലെ ഏറ്റവും വലിയ ജനറൽ ഇൻഷ്വറൻസ് സ്ഥാപനമായ ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയും കേരള സർക്കാരും ചേർന്ന് നടപ്പാക്കുന്ന ഈ പദ്ധതിയുമായി വിദേശ മലയാളികൾ സഹകരിക്കുമെന്നാണ് സൂചന. താരതമ്യേന ചെറിയ അംഗത്വ ഫീസുകൊണ്ട് വലിയ സുരക്ഷയാണ് ഉറപ്പാകുന്നത്. വിദേശ മലയാളികൾക്ക് മാത്രമായിട്ടാണ് ഈ പദ്ധതിയെന്നതും എടുത്തു പറയേണ്ട ഒന്നാണ്.

"ഇന്ന് ലോകത്തിൽ അപകടങ്ങളും അപകടമരണങ്ങളും നാൾക്കുനാൾ വർധിച്ചുവരുന്നു. വ്യക്തിയുടെ മരണം കുടുംബത്തിന് ഒരു തീരാനഷ്ടം തന്നെയാണ്. ബന്ധുക്കളുടെയോ നാട്ടുകാരുടെയോ, സാന്ത്വനത്തിനും സഹതാപത്തിനും ആ നഷ്ടം നികത്താനാവില്ല. നാഥൻ നഷ്ടപ്പെട്ട കുടുംബത്തിന് ഇവിടെ ആവശ്യം സാമ്പത്തിക സുരക്ഷിതത്വമാണ്. ഈ സത്യം മനസിലാക്കി, ആകസ്മികമായി പ്രതിസന്ധിയിലായ കുടുംബത്തിന്റെ ഉന്നമനത്തിന് ഒരു കൈത്തിരി വെട്ടവുമായി ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയും കേരള സർക്കാരും (ഡിപ്പാർട്ട്മെന്റ് ഫോർ നോൺ റസിഡന്റ് കേരളൈറ്റ് അഫയേഴ്സ്- നോർക്ക) സംയുക്തമായി രൂപം നല്കിയതാണ് ഈ പദ്ധതി". ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി അധികൃതർ തിരുവനന്തപുരത്ത് വ്യക്തമാക്കി.

അഞ്ചുലക്ഷം രൂപയുടെയും രണ്ടരലക്ഷം രൂപയുടെയും രണ്ട് വ്യത്യസ്ത പദ്ധതികളാണുള്ളത്. ഒരു വ്യക്തിക്ക് ഇവ രണ്ടിലേതെങ്കിലും ഒരു പദ്ധതിയിൽ ചേരാം 18 മുതൽ 60 വരെയാണ് പ്രായപരിധി. രണ്ടരലക്ഷം രൂപയുടെ പദ്ധതിയിൽ വിദേശത്ത് കൂടെ താമസിക്കുന്ന ജോലിയില്ലാത്ത ഭാര്യയ്ക്കോ ഭർത്താവിനോ ചേരാം. ലോകത്തെവിടെവെച്ചും ഏത് സമയത്തും അപകടം സംഭവിച്ചാലും ആനുകൂല്യങ്ങൾ ലഭിക്കും. ഒരിക്കൽ അംഗത്വ ഫീസ് അടച്ചാൽ അഞ്ചുവർഷത്തേക്കാണ് പ്രയോജനം. അപകടം മൂലമുണ്ടാകുന്ന സ്ഥിരവും പൂർണവുമായ ശാരീരിക വൈകല്യത്തിനും, കണ്ണ്, കൈ, കാൽ എന്നിവയുടെ പൂർണ വൈകല്യത്തിനും പദ്ധതിയിൽ ചേരുന്ന

വർക്ക് നഷ്ട പരിഹാരം ലഭിക്കും. വിദേശത്തുവെച്ച് മരണം സംഭവിച്ചാൽ മരണാനന്തര ചെലവുകൾക്ക് 50,000 രൂപ ലഭിക്കും. മരണാനന്തര ചെലവുകൾക്ക് (മൃതശരീരം കൊണ്ടുവരുന്ന ചെലവുൾപ്പെടെ) അനുവദിക്കുന്ന 50,000 രൂപ അസുഖം മൂലമുള്ള മരണത്തിനും ലഭിക്കും. അഞ്ച് ലക്ഷം രൂപയുടെ പദ്ധതിക്ക് 990 രൂപയും രണ്ടര ലക്ഷം രൂപയുടെ പദ്ധതിക്ക് 650 രൂപയുമായിരിക്കും അഞ്ചുവർഷത്തേക്ക് ഒന്നിച്ചടയ്ക്കേണ്ട സംഖ്യ. ക്ലെയിമിനായി ലഭിക്കേണ്ട രേഖകൾ ലഭിച്ച് 15 ദിവസത്തിനകം തുക നല്കുവാൻ സർക്കാറുമായുള്ള കരാറിൽ കമ്പനി ഉറപ്പു നല്കുന്നു.

സുരക്ഷാ സാമൂഹികക്ഷേമ പദ്ധതിയിൽ ചേരാൻ താത്പര്യമുള്ളവർ അപേക്ഷാഫാറം പൂരിപ്പിച്ച് അംഗത്വ ഫീസും ചേർത്ത് സെക്രട്ടേറിയറ്റിലുള്ള പ്രവാസി മലയാളി വകുപ്പിലേക്ക് അയയ്ക്കേണ്ടതാണ്. ഒരു മാസം ലഭിക്കുന്ന അപേക്ഷകൾക്ക് അടുത്ത മാസം അഞ്ചാം തീയതി മുതൽ അഞ്ചുവർഷത്തേക്കായിരിക്കും പദ്ധതിയുടെ കാലാവധി. 1997 മെയ് 20 മുതൽ സെപ്തംബർ 30 വരെയാണ് അപേക്ഷ സ്വീകരിക്കുന്നത്.

'പ്രവാസി സുരക്ഷ സാമൂഹികക്ഷേമ പദ്ധതി'യുടെ വിശദാംശങ്ങൾ തയാറാക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പിന്റെ ഉപമേധാവി ഡോ. വി. വേണു ഗൾഫിലെ പൊതുമാധ്യമ വാണിജ്യ രംഗങ്ങളിലുള്ള പരിചയസമ്പന്നരായ പലരോടും അഭിപ്രായങ്ങളും നിർദേശങ്ങളും ആരാഞ്ഞിരുന്നു. വിദേശ മലയാളി സഹകരണം ബന്ധപ്പെട്ടവർ ആത്മാർഥമായി ആഗ്രഹിക്കുന്നു എന്നാണ് ഇതിൽ നിന്നു വ്യക്തമാക്കുന്നത്.

(ഗൾഫ് വോയ്സ് ജൂൺ, 1997)

പ്രവാസി ഇൻഷ്വറൻസ് അപകടമരണത്തിനും അംഗവൈകല്യത്തിനും മാത്രം

തിരുവനന്തപുരം: കേരള ഗവൺമെന്റിന് കീഴിൽ പ്രവർത്തിക്കുന്ന പ്രവാസി സെൽ ഗൾഫ് മലയാളികൾക്കായി ഏർപ്പെടുത്തിയ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാകുന്നത് അപകടമരണം സംഭവിച്ചാലോ അപകടം കാരണം അംഗവൈകല്യമുണ്ടായാലോ മാത്രമാണെന്നും പണം തിരികെ ലഭിക്കുന്ന സംവിധാനം പ്രസ്തുത പദ്ധതിയിലില്ലെന്നും പ്രവാസി സെൽ ഡെപ്യൂട്ടി സെക്രട്ടറി ഡോ. വി. വേണു യു.എം.ഒ. സെക്രട്ടറി സഗീർ തൃക്കരിപ്പൂരിന് അയച്ച ഒരു കത്തിൽ വ്യക്തമാക്കി.

കേരള ഗവൺമെന്റ് നടപ്പിലാക്കിയ പ്രവാസികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് വിശദവിവരങ്ങൾ ആരാഞ്ഞുകൊണ്ട് യു.എം.ഒ. പ്രവാസ സെല്ലിന് കത്തയച്ചിരുന്നു.

പ്രാരംഭ വർഷത്തിൽ ഒരു ലക്ഷത്തോളം പേർ ചേരുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഇൻഷ്വറൻസ് പദ്ധതിയിൽ പോളിസി എടുക്കുന്നവർക്ക് അപകടമരണമോ അംഗവൈകല്യമോ സംഭവിച്ചാൽ യഥാക്രമം അഞ്ചു ലക്ഷം രൂപയും രണ്ടരലക്ഷം രൂപയും നല്കും.

അഞ്ച് വർഷത്തേക്കുള്ള പ്രീമിയം തുക യഥാക്രമം 990-ഉം 650-ഉം രൂപയാണ്. പ്രതിവർഷം 30 മുതൽ 60 വരെ അപകടമരണങ്ങൾ ഗൾഫ് രാജ്യങ്ങളിൽ ഉണ്ടാകുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്നവർക്ക് സെപ്തംബർ 30 വരെ കാലാവധി നീട്ടിയിട്ടുണ്ട്. ഇൻഷ്വറൻസ് ഫോറം യു.എം.ഒ.യുടെ അംഗസംഘടനകളിൽ നിന്നോ ലഭ്യമാണ്.

(കുവൈറ്റ് ടൈംസ്, 1997 ജൂൺ രണ്ട്)

പ്രവാസികൾക്കു വേണ്ടി കേന്ദ്ര ഇൻഷ്വറൻസ് പദ്ധതി

ദുബായ്: വിദേശങ്ങളിൽ ജോലിചെയ്യുന്ന കേരളീയർക്കുവേണ്ടി കേരള സർക്കാർ ആരംഭിച്ച അപകട ഇൻഷ്വറൻസ് പദ്ധതിയായ 'പ്രവാസി സുരക്ഷ'യുടെ മാതൃകയിൽ വിദേശങ്ങളിൽ ജോലിചെയ്യുന്ന എല്ലാ ഇന്ത്യാക്കാർക്കും പ്രയോജനപ്പെടുന്ന ഇൻഷ്വറൻസ് പദ്ധതി കേന്ദ്ര ഗവൺമെന്റ് ഉടനെ ആരംഭിക്കും.

ഇവിടെ സന്ദർശനം നടത്തുന്ന ഇന്ത്യൻ വിദേശകാര്യ സെക്രട്ടറി സൽമാൻ ഹൈദർ, ജോയിന്റ് സെക്രട്ടറി കെ. സി. സിങ്, ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ധീരേന്ദ്ര സ്വരൂപ് എന്നിവർ വെളിപ്പെടുത്തിയതാണിത്.

ഇന്ത്യയിൽ ആദ്യമായി കേരള ഗവൺമെന്റാണ് ഈ പദ്ധതി ഏർപ്പെടുത്തിയത്. ഇത് ഗുണോദർക്കമായ സംരംഭമാണെന്നും ഇത് പകർത്തുന്നതിനെക്കുറിച്ച് ഗൗരവപൂർവം ആലോചിക്കുകയാണെന്നും സൽമാൻ ഹൈദർ പറഞ്ഞു. തൊഴിൽ മന്ത്രാലയവുമായുള്ള ചർച്ചയ്ക്കുശേഷം പദ്ധതിക്ക് അന്തിമരൂപം കൊടുക്കും.

ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയുമായി ചേർന്ന് രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്ന പദ്ധതി ഏകദേശം മൂന്നു മാസത്തിനുള്ളിൽ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടും.

വിദേശങ്ങളിലെ ഇന്ത്യൻ മിഷനുകൾ നല്കുന്ന കോൺസുലർ, തൊഴിൽക്ഷേമ സേവനങ്ങൾ എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താമെന്നതിനെക്കുറിച്ച് പഠിക്കാനാണ് ഈ ഉദ്യോഗസ്ഥർ ഇവിടെയെത്തിയിട്ടുള്ളത്.

ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന കേരളീയരിൽ മിക്കവരും അവിദഗ്ധ തൊഴിലുകളോ അർധ വിദഗ്ധ തൊഴിലുകളോ ചെയ്യുന്നവരാണ്. അവർക്കുവേണ്ടി തൊഴിൽദാതാക്കൾ ഏതെങ്കിലും തരത്തിലുള്ള സുരക്ഷാപദ്ധതി ഏർപ്പെടുത്തിയിട്ടുമില്ല. ഇത്തരം തൊഴിലാളികൾ അപകടത്തിൽപെടുകയോ മരിക്കുകയോ ചെയ്താൽ അവരുടെ കുടുംബങ്ങൾ വലിയ കഷ്ടപ്പാടിലാകുന്ന സ്ഥിതിയാണുള്ളത്. മൃതദേഹങ്ങൾ നാട്ടിലേക്ക് കൊണ്ടുവരുന്നതിന് ഭീമമായ ചെലവു വഹിക്കണമെന്നത് അവരുടെ പ്രയാസം വർധിപ്പിക്കുന്നു. ഇക്കാര്യങ്ങൾ പരിഗണിച്ചാണ് കേരള സർക്കാർ വിദേശങ്ങളിലെ കേരളീയർക്ക് വേണ്ടി ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചത്.

വിദേശ കേരളീയരുടെ കാര്യങ്ങൾക്കുവേണ്ടിയുള്ള സംസ്ഥാന ഗവൺമെന്റ് വിഭാഗം (നോർക്ക) രൂപം കൊടുത്തിട്ടുള്ള പദ്ധതി പ്രകാരം ഒറ്റത്തവണ പ്രീമിയം അടയ്ക്കുന്ന ആൾക്ക് അഞ്ചുവർഷത്തേക്ക് അപകട ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു.

990 രൂപയുടെ പ്രീമിയം എടുത്തിട്ടുള്ളവർക്ക് അപകടമരണമോ ഗുരുതരമായ അംഗവൈകല്യമോ സംഭവിച്ചാൽ അഞ്ചുലക്ഷം രൂപ ലഭിക്കും. പ്രീമിയം 650 രൂപയുടേതെങ്കിൽ ലഭിക്കുന്ന തുക രണ്ടര ലക്ഷം രൂപയാണ്.

വിദേശത്ത് മരണം സംഭവിച്ചാൽ മൃതദേഹങ്ങൾ നാട്ടിലേക്ക് കൊണ്ടുവരുന്നതിന് അരലക്ഷം രൂപ ഇതിനു പുറമേ നല്കുകയും ചെയ്യുന്നു.

(കുവൈറ്റ് ടൈംസ് 1997 ജൂൺ 4)

പ്രവാസി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി വിശദവിവരങ്ങൾ

ലോകത്തെവിടെയും അപകടങ്ങളും അപകടമരണങ്ങളും നിത്യേനയെന്നോണം വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ, കുടുംബത്തിന്റെ അത്താണി അകാലത്തിൽ, അപ്രതീക്ഷിതമായി നഷ്ടപ്പെടുമ്പോൾ സാമ്പത്തിക സുരക്ഷിതത്വം മുന്നിൽ കാണാനുണ്ടെങ്കിലേ സാന്ത്വനത്തിനോ സഹതാപത്തിനോ അർഥമുള്ളു. ഈ വസ്തുതയെ യാഥാർഥ്യബോധത്തോടെ കണ്ട് രൂപം നല്കിയിട്ടുള്ളതാണ് പ്രവാസി സുരക്ഷാ പദ്ധതിയിലെ ആശയങ്ങൾ.

വിദേശത്ത് ജോലിചെയ്യുന്ന കേരളീയർക്കുവേണ്ടിയുള്ള ഈ പദ്ധതിയിൽ ചേരുന്ന വ്യക്തിക്ക് അപകടം മൂലം പരിപൂർണ ശാരീരിക വൈകല്യമോ ജീവനാശമോ സംഭവിച്ചാൽ ആ വ്യക്തി തിരഞ്ഞെടുക്കുന്ന സ്കീം അനുസരിച്ച് അഞ്ചുലക്ഷം രൂപയോ, രണ്ടര ലക്ഷം രൂപയോ ലഭിക്കുന്നു. ഭാഗികമായ ശാരീരിക വൈകല്യത്തിന് പദ്ധതിയനുസരിച്ച് രണ്ടരലക്ഷം രൂപയോ ഒന്നേകാൽ ലക്ഷം രൂപയോ ലഭിക്കുന്നു. വിദേശത്തുവച്ച് ജീവനാശം സംഭവിക്കുമ്പോൾ പലപ്പോഴും ശരീരം കൊണ്ടുവരാനുള്ള ബുദ്ധിമുട്ടുകളിൽ പ്രധാനം ഭീമമായ സാമ്പത്തിക ചെലവു തന്നെയാണ്. ഇങ്ങനെ ഒരു സന്ദർഭത്തിൽ ആശ്രിതർക്ക് ഒരു താങ്ങായി, ഈ പദ്ധതിപ്രകാരം 50,000 രൂപ ലഭിക്കുന്നു. ഈ സൗകര്യം അപകടമരണത്തിനു പുറമേ അസുഖം മൂലമുള്ള മരണത്തിനും ലഭിക്കുന്നതാണ്. ഈ ആശയം ഇന്ത്യയിൽ ഇദംപ്രഥമമായി നടപ്പിലാക്കുന്ന ഒന്നാണ്.

മറ്റു സവിശേഷതകൾ ഇവയാണ് :

- ഇത് തികച്ചും ലളിതമായ ഒരു പദ്ധതിയാണ്. നൂലാമാലകളില്ലാത്ത നടപടി ക്രമങ്ങൾ.
- നാമമാത്രമായ പ്രീമിയവും, ദീർഘകാല സുരക്ഷയും - ഒരിക്കൽ പ്രീമിയം അടച്ചാൽ അഞ്ചുവർഷത്തേക്കാണ് പോളിസിയുടെ കാലാവധി.
- അഞ്ചുലക്ഷം രൂപയുടെയും രണ്ടരലക്ഷം രൂപയുടെയും രണ്ടു വ്യത്യസ്ത പദ്ധതികൾ.
- ഒരു വ്യക്തിക്ക് ഇവ രണ്ടിൽ ഏതെങ്കിലും ഒന്നിൽ ചേരാവുന്നതാണ്.
- മൃതശരീരം കൊണ്ടുവരുന്നതിനുള്ള ചെലവ് രണ്ടിലും 50,000 രൂപ വീതം വരെ ലഭിക്കും.
- 18 വയസു മുതൽ 60 വയസുവരെയുള്ള, വിദേശത്തു ജോലി ചെയ്യുന്ന ഏതൊരാൾക്കും ഈ പദ്ധതിയിൽ ചേരാം.
- ഇന്ത്യയ്ക്കു വെളിയിൽ, കൂടെ താമസിക്കുന്ന, ജോലിയില്ലാത്ത ഭാര്യ അഥവാ ഭർത്താവിന് രണ്ടരലക്ഷം രൂപയുടെ പദ്ധതിയിൽ ചേരാവുന്നതാണ്.
- ലോകത്ത് എവിടെവച്ച് ഏത് സമയത്ത് അപകടം സംഭവിച്ചാലും ആനുകൂല്യം ലഭിക്കുന്നു.
- പോളിസി എടുക്കുമ്പോൾ വിദേശത്തായിരിക്കുന്ന വ്യക്തി പിന്നീട് തിരികെയെത്തിയാലും ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാവും.
- ഗ്രൂപ്പായിട്ടുള്ള പദ്ധതി ആയതിനാൽ പ്രീമിയത്തിൽ പ്രത്യേക കിഴിവ്- അഞ്ചുവർഷത്തേക്ക് അഞ്ചുലക്ഷം

രൂപയ്ക്ക് ഓരോരുത്തരുടെ തൊഴിൽ അനുസരിച്ച് (മരണാനന്തര ചെലവുകൾ കൂടാതെ) പല നിരക്കിൽ പ്രീമിയം അയയ്ക്കേണ്ടിവരുന്ന സ്ഥാനത്ത് ഈ പദ്ധതിയിൽ എല്ലാവർക്കും ഒരേ പ്രീമിയം അഞ്ചുവർഷത്തേക്ക് ഒന്നിച്ചടയ്ക്കാനുള്ള സൗകര്യം ഉണ്ട്. അഞ്ച് ലക്ഷം രൂപ വരെ നഷ്ടപരിഹാരവും 50,000 രൂപ മരണാനന്തര ചെലവുകൾക്കും നല്കുന്ന പോളിസിക്ക് അഞ്ചുവർഷത്തേക്കുള്ള പ്രീമിയം വെറും 990 രൂപയും 2.5 ലക്ഷം രൂപ വരെ നഷ്ടപരിഹാരവും 50,000 രൂപ മരണാനന്തര ചെലവുകൾക്കും നല്കുന്ന പോളിസിക്ക് അഞ്ചുവർഷത്തേക്കുള്ള പ്രീമിയം വെറും 650 രൂപയുമാണ്.

പദ്ധതിയിൽ ചേരാൻ താത്പര്യമുള്ളവർ വിദേശ മലയാളി അസോസിയേഷനുകളിലും എംബസികളിലും, ന്യൂ ഇന്ത്യാ അഷ്വറൻസിന്റെ കേരളത്തിലും വിദേശ രാജ്യങ്ങളിലുമുള്ള ഓഫീസുകളിലും ലഭിക്കുന്ന പ്രത്യേക അപേക്ഷാഫാറം പൂരിപ്പിച്ച് പ്രീമിയവും ചേർന്ന് സെക്രട്ടേറിയറ്റിലുള്ള പ്രവാസി മലയാളവകുപ്പിലേക്ക് അയക്കേണ്ടതാണ്. 'മലയാളം പത്ര'ത്തിൽ പ്രസിദ്ധീകരിക്കുന്ന അപേക്ഷാഫാറമോ അതിന്റെ കോപ്പിയോ ഉപയോഗിക്കാവുന്നതാണ്. ഒരു മാസം ലഭിക്കുന്ന അപേക്ഷകൾക്ക് അടുത്തമാസം അഞ്ചാം തീയതി മുതൽ അഞ്ചുവർഷത്തേക്കായിരിക്കും പോളിസിയുടെ കാലാവധി. 1997 മെയ് 20 മുതൽ സെപ്തംബർ 30 വരെയാണ് അപേക്ഷ സ്വീകരിക്കുന്നത്.

ക്ലെയിമിനായി ലഭിക്കേണ്ട രേഖകൾ ലഭിച്ച് പതിനഞ്ച് ദിവസത്തിനകം തുക നല്കിക്കൊള്ളാമെന്ന് സർക്കാരുമായുള്ള കരാറിൽ കമ്പനി ഉറപ്പു നല്കിയിട്ടുണ്ട്. ക്ലെയിം അസുഖം, ആത്മഹത്യ, ആത്മഹത്യാശ്രമം, യുദ്ധം എന്നിവ മൂലമോ, അപകടം നടക്കുന്നത് മയക്കുമരുന്ന്, മദ്യം എന്നിവ ഉപയോഗിച്ചിരുന്ന സമയത്തോ, കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടെ നിയമലംഘനം നടത്തുന്നതിനിടയിലോ ആണെങ്കിൽ ഈ പദ്ധതിയുടെ കീഴിൽ നഷ്ടപരിഹാരത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(മലയാളം പത്രം (യു.എസ്) 1997 മെയ് 14)

വിദേശ മലയാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി

തിരുവനന്തപുരം: വിദേശ മലയാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചു. എൻ.ആർ.ഐ. വകുപ്പുമായി സഹകരിച്ചാണ് ഇത് നടപ്പിലാക്കുന്നത്. ഇൻഷ്വറൻസ് കമ്പനികളുമായി പ്രാരംഭ ചർച്ചകൾ നടത്തിക്കഴിഞ്ഞതായി എൻ.ആർ.ഐ. വകുപ്പ് അധികൃതർ അറിയിച്ചു. ആദ്യ പടിയായി ഹ്രസ്വകാല ഇൻഷ്വറൻസ് സ്കീമുകളാണ് പ്രാവർത്തികമാക്കുവാനുദ്ദേശിക്കുന്നത്. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന കാലയളവിൽ അപകടമോ മരണമോ സംഭവിച്ചാൽ വേണ്ടത്ര ധനസഹായമൊന്നും ലഭിക്കാറില്ല എന്നതാണ് വസ്തുത. അപകടത്തിൽ മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുവാൻ ബന്ധുക്കൾ പലതരം ബുദ്ധിമുട്ടുകൾ അനുഭവിച്ചു വരുന്നു.

മുഖ്യമന്ത്രി ഇ.കെ. നായനാർ ഗൾഫ് രാജ്യങ്ങൾ സന്ദർശിച്ചപ്പോൾ ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകളാണ് അദ്ദേഹത്തിനു മുമ്പിൽ നിരത്തപ്പെട്ടത്. ഇത് കണക്കിലെടുത്താണ് ഇൻഷ്വറൻസ് സ്കീം രൂപവത്കരിച്ചത്. ഇൻഷ്വറൻസിന്റെ പ്രീമിയവും മറ്റും തയാറാക്കിവരുകയാണെന്ന് സെൽ വക്താക്കൾ അറിയിച്ചു. പുതിയ പദ്ധതിക്ക് വിദേശ രാജ്യങ്ങളിൽ നല്ല പ്രതികരണം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് ഗവൺമെന്റ് അറിയിച്ചു. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളി തൊഴിലാളികളെയും ഇൻഷ്വറൻസ് സ്കീമിനു കീഴിൽ കൊണ്ടുവരുവാനാണ് എൻ.ആർ.ഐ. വകുപ്പ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(വേൾഡ് മലയാളി ജേർണൽ, 1997 ഏപ്രിൽ)

Insurance Scheme for Overseas Keralites launched

By T.P.Alexander
Special to Saudi Gazette

Trivandrum, May 6 :
CHIEF Minister E.K. Nayanar has launched the Non-Residence Keralite Insurance and Security Scheme, sponsored jointly by the Department for Non-Resident Keralites' Affairs (NORKA) and the New India Assurance Ltd. In a function at Trivandrum yesterday, the agreement for the master policy of the insurance scheme was handed over to the Chief Minister by regional manager of New India Assurance Ltd.

According to the scheme, in the event of a subscriber getting killed or disabled in accident, his family members would get a sum of Rs 500,000 or Rs 250,000 depending on the scheme chosen. The premium amounts are Rs 990 for the Rs 500,000 scheme and Rs 650 for the Rs 250,000 scheme. Once the premium is paid, the policy will be in force for five years.

The unique feature of the scheme is that in the event of the subscriber's death under normal circumstances, a sum of Rs 50,000 will be given to the next of kin to bring the dead body home.

Article in Saudi Gazette
Riyadh, Saudi Arabia
7th May 1997.

Insurance call to Keralites

Indian state launches special scheme for NRIs

Keralites in Bahrain have been urged to join an accident insurance scheme launched by their State Government last week.

The scheme has been evolved exclusively for non-resident Indians of Kerala origin by the Kerala Governmet's Department for Non-Resident Keralites' Affairs (NORKA).

Norka Deputy Secretary Dr V. Venu said such a scheme was being implemented for the first time in India.

"For most non-resident Keralites the thought of an uncertain future following the unforeseen accident is a cause of worry and concern." he said in a letter faxed to the GDN.

"In the event of an unforeseen tragedy relatives of the dead person are often put to severe financial hardship due to the high cost involved in the repatriation of the dead body."

Dr. Venu said the new scheme was being launched in association with the New India Assurance Company to address such concerns.

"For a small one- time premium, maximum of Rs 1,000 (about BD 10),the insured person will get the benefit of an accident insurance cover for a period of five years," he said.

"There are two schemes of Rs 500,000 (about BD 5,000) and Rs 250,000 (about BD 2,500) respectively.

Dr. Venu said application forms would be availbe with various Indian organisations in Bahrain shortly. People who require further details can also contact Dr Venu on 091-471-327192 or 468129, or fax 091-471-431619.

New India Assurance Company chairman D Sengupta, who visited Bahrain last week, also urged all Keralites in Bahrain to benefit from the innovative Scheme.

Gulf Daily News, Bahrain
12th May 1997

India insurance plan for workers abroad

- By a Staff Reporter

A Unique insurance scheme for unskilled and semi-skilled workers in the Gulf formulated by the Kerala Government last month, is to be adopted by the Government of India and made available to Indian workers across the globe, Indian officials said yesterday.

A two-member high-level Indian delegation is currently in Dubai to study ways of improving the functioning of Indian mission in the Gulf.

Speaking to the Press yesterday, Dhirendra Swarup, joint secretary, Ministry of Finance, said that the scheme being hammered out in association with the New India Assurance Company, would be in place in three months.

For a small one-time premium of about Rs 100, subscribers would be eligible for medical insurance and repatriation cost to the tune of Rs 50,000.

The insurance scheme "Pravasi Suraksha" was first devised by the Department for Non-Resident Keralites' Affairs (Norka), Government of Kerala, in association with New India Assurance, a government of India insurance company.

Aimed at workers not covered by any insurance scheme by their employer or sponsor, its purpose was to help families of these workers who die or are incapacitated while working overseas.

It was floated only for Keralite workers in the Gulf and last week, forms were despatched to the UAE for subscription. But the scheme was stalled because the New India Assurance office in Dubai discovered some problems regarding its implementation in the UAE.

While admitting that the proposed insurance plan was insured by the Kerala government scheme, Mr Swarup said that the premium would have to be paid in India.

He said that the scheme was being introduced mainly because there were many problems when it came to repatriation of bodies of Indians who die in the Gulf.

Mr K.C.Singh, joint secretary, Ministry of External Affairs, said that as insurance was a federal subject, such a scheme could not be confined to a state.

"It is a promising initiative and we feel it should be extended to Indian workers everywhere," he said.

"This third party insurance will provide a safety net, particularly when it comes to repatriation of bodies. It would be finalised after discussions with the Ministry of Labour."

As per the original scheme devised by Norka, the insured person will get cover for five years.

There are two schemes, offering compensation for accidental death or total disability of Rs.500,000 and Rs. 250,000 respectively

(Report on "Kaleej Times" dated 2nd June, 1997)

Kerala insurance scheme for NRIs opens tomorrow

By a staff reporter

Forms for subscribing to the insurance scheme for non-resident Indians of Kerala origin will be available in Dubai from tomorrow.

The unique insurance scheme, the first to be announced by an Indian State, has been devised by the Department for Non-Resident Keralites Affairs (Norka), Government of Kerala, in association with the New India Assurance Company, and provides insurance cover for five years.

According to Y.A.Rahim, president, Indian Association Sharjah, a special desk will be set up at the association premises to assist applicants.

In a fax message to associations involved in the welfare of non-resident Indians in the UAE, Dr Venu .V, Deputy Secretary to government, Norka, Trivandrum, said that the scheme is meant for unskilled workers, most of whom are not covered by any insurance scheme by their employer or sponsor.

The scheme has been introduced to help the families of those workers who die or are incapacitated while working abroad, putting the families back home in great financial problems.

Dr. Venu's letter also points out that instances of workers being denied their entitles compensation are increasingly common. Also, sometimes the cost of repatriation of the body are not borne by the employer.

Under the new insurance scheme, for a small one-time premium, the insured person will get an accident cover for five years. There are two schemes, offering compensation for accidental death or total disability of Rs 500,000 and Rs 250,000 respectively. In addition, in the event of death due to accident or disease, an amount of Rs. 50,000 will be paid towards transportation of the body to India.

Indian Association Sharjah, which has in the past borne the cost of repatriation of bodies, has welcomed the scheme and hailed it as a much-needed security for poor labourers working in the Gulf.

"In the past, several bodies used to lie at morgues because the employers were not willing to pay the cost of embalming the body and transporting it to India," said Mr Rahim. "Our association has had to come to the rescue of several cases,as they had no insurance cover whatsoever."

Mr. Rahim said that his association is in touch with the authorities to assist non-resident Keralites in the UAE as well its members to avail of the insurance scheme. The scheme opens on May 20. NORKA is due to send forms to the offices of the New India Assurance Company which has agencies in most major cities in the Gulf.

Khaleej Times
11th May, 1997

Insurance Scheme for non-resident Keralites

Application forms will be available soon

From our Correspondent

Application forms for the proposed insurance scheme, launched jointly by the newly set up State department for non-resident Keralites affairs and the New India Assurance Company, will become available in the UAE.

In a press statement, Indian Association Sharjah president, Y.A.Rahim, said that the association has been in touch with the concerned authorities for the forms and other information which, they have been told, will be forwarded soon.

Gulf News, 11th May, 1997

Accident insurance scheme to be launched for Gulf Keralites

TARA ASOK

The department for Non-Resident Keralites Affairs (NORKA) is to launch an accident insurance scheme on May 20, for non-resident Keralites employed in unskilled and seme-skilled sectors in the Gulf.

NORKA offers two schemes to compensate accidental death or total disability for Indian Rs 500,000 (Dhs50,000) and Indian Rs 250,000 respectively.

Additionally, in the event of death by accident or disease an amount of Indian Rs 50,000 (Dhs 5,000) will be paid to transport the body to India. However, being the first such scheme in India, repatriation expenses up to Indian Rs 50,000 will be paid, even if death occurs due to natural causes.

Payment terms for the accident insurance scheme involve a small one-time premium, for which the insured person will be covered for a period of five years.

"Most expatriate Keralites are not insured by their employer or sponsor, and consequently it is common for a family that is dependent on a bread-winner working abroad, to face utter ruin when the wage earner dies or is incapacitated.

Instances of people being denied their just compensation for accidents sustained on the job, are also increasingly common.

"For most non-resident Keralites, the thought of an uncertain future following an unforeseen accident becomes a cause for worry and concern," said Dr.Venu,an officer on special duty for the government of Kerala, which set up the scheme in association with the New India Assurance Company.

"Also in the event of an unforeseen tragedy, relatives often face severe financial hardships because of the high costs involved
in repatriating the dead body", he added.

Due to these and other reasons, the Keralite government felt it was imperative to take adequate steps to safeguard the large number of Keralites in the Gulf.

Venu said the scheme is unique, comprehensive and procedures are simple. Application will be available at all New India Assurance Company branch offices in the Gulf.

Non-resident Keralites can enrol in the scheme with no income or category restrictions, and the final date for applications to be submitted will be September 30.

Gulf Today, 9th May 1997

Insurance scheme for Malayalees abroad

From our Correspondent

TRIVANDRUM - The Kerala Government has launched an exclusive insurance scheme for non-resident Keralites.

The scheme known as "The Non-Resident Keralites Insurance and Security Scheme" was jointly sponsored by the newly-set up State Department for Non-Resident Kealites Affairs (Norka) and the New-India Assurance Limited.

The agreement for the master policy of the scheme was handed over to Chief Minister E.K.Nayanar by senior regional manager of New India Assurance, S.Mammen at a function held here on Monday.

Launching the scheme, Mr Nayanar said it was the first to be launched by a state government for people working abroad and was the first step towards solving a horde of problems facing by non-resident Keralites.

In the event of a subscriber of the scheme meeting with death or disability in an accident, his family members would get Rs 500,000 or Rs250,000 depending on the scheme chosen.

The premium amounts are Rs990 for the Rs500,000 policy and Rs 650 for the Rs250,000 policy, Once the premium is paid, the policy will be in force for five years, Norka deputy secretary Dr V.Venu said.

Rs. 50,000 will be given to the next of kin of the subscriber in the event of death under normal circumstances to bring the dead body home, he said.

The Chief Minister recalled that the Norka was set up by the state government with the intention of tackling the problems faced by non-resident Keralites and to mobilise resources from them. By now, Norka had been able to establish good contacts with several Indian embassies and several Malayalee organisations abroad, he said.

He said the state was putting pressure on the federal government for sanctioning a separate welfare fund for non-resident Indians. He also appealed to all concerned to extend their support to make this scheme a grand success.

Khaleej Times
7th May 1997

Kerala launches new scheme

NORKA targetting unskilled workers

A new Insurance Scheme was formulated for the average unskilled/semi-skilled worker who has no security cover at all in his present job and whose family will be left in poverty on his death or disability. It was clarified by Dr.Venu,Deputy Secretary to Government and Head of Norka in a reply letter written to Sageer Trikarpur, General Secretary of UMO

Earlier in a telecom interview Dr. Venu was asked by Sageer to clarify the following concerns of Kuwait Malayalees regarding subject insurance -1, the coverage of Norka insurance is limited to accidents causing death or disability excluding death and disability caused by illness, 2. the schemes does not offer any money back policy.

Claiming that the scheme is the first of its kind in India and perhaps in the world Dr. Venu elaborated that the death due to illness can be covered only by Life Insurance Corporation as stipulated by Indian laws. The Norka insurance is a personal accident insurance scheme, similar in nature to many such schemes currently available in India and abroad.

"However, what sets it apart are two points:

- the lowest premium with the longest spread
- provision for transportation of dead body irrespective of the fact whether death occured due to accident or illness."

He stated that no insurance company normally allows blanket cover of a population much less a community living abroad in high risk condition. A comparable accident insurance policy will cost at least Rs.3,000 in India and much more abroad.

Answering to an allegation that government is helping the insurance agency, he said the offer he made is a novel scheme in association with New India Assurance Company Ltd. He clarified that they had approached other insurance agencies who had refused to give a proposal to cover Non-Resident Indians.

According to the scheme the insured person will get the

benefit of an accident insurance cover for a period of 5 years. There are two schemes, offering compensation for accidental death or total disability of Rs.5 lakhs and Rs 2.5 lakhs respectively. In addition, in the event of death by accident or by disease, an amount of Rs.50,000 will be paid towards transportation of the dead body to India. The five year premium for the scheme is Rs.990 and 650 respectively.

Dr. Venu expects only 50 to 100,000 to join his scheme in the initial year. And the records show that yearly 30 to 60 accidental deaths occur in each Gulf country which means the insurance company cannot make any profit out of this scheme unless the number of participants has been substantially increased.

Dr. Venu concluded that the targeted community has warmly received the scheme which addressess a felt need.

The last date for joining the scheme has been extended to September 30. The forms shall be avilable with UMO office bearers or with member organisations, UMO press release added.

Arab Times
2nd June, 1997

Insurance for non-resident Keralites

- By Staff Reporter

Dubai : A large majority of Keralites working overseas are employed in unskilled and semi-skilled jobs and most are not covered by a security system by their employers or sponsors.

As a result, it is quite common that a family solely dependent on the income of a person working abroad falls into penury on the death or incapacity of the wage earner.

Instances of people being denied compensation for accidents at work sites are increasingly common, says the Department for Non-resident Keralite Affairs in Thiruvananthapuram.

"For most non-resident Keralites, the thought of an uncertain future following an unforeseen accident is a cause of worry and concern," said Dr Venu.V, deputy secretary of the department.

To address such concerns, the department of the Government of Kerala has devised an accident insurance scheme in association with the New India Insurance Company, exclusively for no-resident Indians of Keralite origin. It is said to be the first venture of its kind launched by a state government in India.

For a one-time premium, the insured person will get accident insurance cover for five years. There are two schemes offering compensation for accidental death of Rs500,000 and Rs 250,000 each.

In addition, in the event of death by accident or by disease, an amount or Rs 50,000 will be paid towards transport of the body to India.

The department says the procedures for enrolment have been made simple with just one form and no documents require verification; even photocopies of an enrolment form can be used.

Details: Dr.Venu .V, Department for Non Resident Keralite Affairs, Government Secretariat, Thiruvananthapuram 695 001. Tel. +91471 327192, 468129. Fax +91471 327192, 431619. Email (bekal @giasmdol.vsnl.net.in).

32/339/97—2

Changes in forms for non-resident Keralite Scheme

- Express News Service

Thiruvananthapuram, June 6: Changes had been made in the application form to be used in Gulf countries for the social security scheme of the State Government non-resident Keralites, the Non-Resident Keralites Affairs Department here today.

The changes were made since doubts were raised in some Gulf countries about the validity of the scheme. Though the new application forms had been issued, the old application forms and their photostats would be accepted by the Government. The new forms were available from NORKA, the statement said.

The application forms were also available from the district information offices and branches of New India Assurance Company in the State. Those who want the application by mail should get in touch with Deputy Secretary, NORKA, South Block, Secretariat, Thiruvananthapuram (Tel: 468129, 468182 and Fax: 327192). Xeroxes of the application forms would also be accepted. The filled up forms should be sent to the above said address.

Organisations which forward applications could send one demand draft for the whole amount.

The Centre was also formulating a social security scheme for NRIs on the lines of the scheme launched in the state. The Central scheme would come into effect only a little later and details were not available. This scheme would in no way affect the scheme being implemented by the State Government, the statement added.

വായിക്കുക വരിക്കാരാവുക

ജനപഥം

കേരള സർക്കാരിനു വേണ്ടി
പബ്ലിക് റിലേഷൻസ് വകുപ്പ്
പ്രസിദ്ധീകരിക്കുന്ന മാസിക

വാർഷിക വരിസംഖ്യ
പത്തു രൂപ

മണിയോർഡർ വിലാസം

ഡയറക്ടർ
പബ്ലിക് റിലേഷൻസ് വകുപ്പ്
സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

11/8/24.

PRINTED BY THE S.G.P. AT THE GOVERNMENT PRESS,
MANNANTHALA, THIRUVANANTHAPURAM - 1997